**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.610 28.09.2011 ൽ മറുപടിക്ക്.**

**<u>ഡോക്ടർമാരുടെ ശമ്പള പരിഷ്കരണം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി** | **ശ്രീ. അടൂർ പ്രകാശ്**<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |

**എ)** ഡോക്ടർമാരുടെ സമരം അവസാനിപ്പിച്ചു കൊണ്ടുള്ള കരാറിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

**എ)** ഡോക്ടർമാരുടെ സമരം അവസാനിപ്പിച്ചുകൊണ്ടുള്ള കരാറിലെ പ്രധാന വ്യവസ്ഥകൾ താഴെ പറയുന്നവയാണ്.

76% പൊതു സ്പെഷ്യൽ അലവൻസ് അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ച് ശമ്പളം പുനർ നിർണ്ണയിക്കുന്നതാണ്. ഇപ്രകാരമുള്ള പുനർ നിർണ്ണയത്തിന് 01.07.2009 മുതൽ പ്രാബല്യമുണ്ടായിരിക്കുമെങ്കിലും കുടിശ്ശിക ലഭിക്കുന്നതല്ല. പുതുക്കുന്ന സ്കെയിലിന് 01.08.2011 മുതലാണ് പ്രാബല്യം.

സ്പെഷ്യലിസ്റ്റ് / അഡ്മിനിസ്ട്രേറ്റീവ് കേഡറിലുള്ളവർക്ക് പുതുക്കുന്ന ശമ്പളത്തിൽ മൂന്ന് ഇൻക്രിമെന്റുകളും കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർക്ക് രണ്ട് ഇൻക്രിമെന്റുകളും അനുവദിക്കുന്നതാണ്.

**ബി)** നിലവിൽ ഓരോ കാറ്റഗറിയിലുമുള്ള ഡോക്ടർമാർക്കുണ്ടായിരുന്ന ശമ്പളവും മറ്റാനുകൂല്യവും എത്രയാണെന്ന് അറിയിക്കാമോ;

**ബി)** പുതിയ ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ചുവടെ ചേർക്കുന്നു.

| നം. | തസ്തിക | ശമ്പളം | ഡി.എ (അടിസ്ഥാന ശമ്പളത്തിന്റെ) | എച്ച്. ആർ. എ | സി. സി. എ | കോമൺ സ്പെഷ്യൽ അലവൻസ് |
|---|---|---|---|---|---|---|
| 1 | ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് | 48640 – 59840 | 24% | 530 മുതൽ 1680 വരെ | 350 | 5000 |
| 2 | അഡീഷണൽ ഡയറക്ടർ / ചീഫ് കൺസൾട്ടന്റ് | 46640 – 59840 | 24% | 530 മുതൽ 1680 വരെ | 350 | 4500 |
| 3 | ഡെപ്യൂട്ടി ഡയറക്ടർ / സീനിയർ കൺസൾട്ടന്റ് | 44640 – 58640 | 24% | 530 മുതൽ 1680 വരെ | 350 | 4000 |
| 4 | ഡെപ്യൂട്ടി ഡിസ്ട്രിക്റ്റ് | 36140 – 49740 | 24% | 530 മുതൽ | 350 | 3600 |

| | | | | | | |
|---|---|---|---|---|---|---|
| | മെഡിക്കൽ ഓഫീസർ/ സിവിൽ സർജൻ / കൺസൾട്ടന്റ് | | | 1680 വരെ | | |
| 5 | അസിസ്റ്റന്റ് സർജൻ/ ജൂനിയർ അഡ്മിനിസ് ട്രേറ്റീവ് മെഡിക്കൽ ഓഫീസർ/ ജൂനിയർ കൺസൾട്ടന്റ് | 24040 – 38840 | 24% | 530 മുതൽ 1050 വരെ | 350 | 3400 |

| | |
|---|---|
| **സി)** പുതുക്കിയ നിരക്കനുസരിച്ച് ഓരോ വിഭാഗത്തിനും എന്തെല്ലാം ആനുകൂല്യമാണ് ലഭിക്കുന്നത്? | **സി)** പുതുക്കിയ ശമ്പളം അനുവദിക്കുന്നതു സംബന്ധിച്ച സർക്കാർ നടപടികൾ പൂർത്തിയായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**